**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 603** **09-08-2023 - ൽ മറുപടിയ്ക്ക്**

**ബാർ പ്രാക്ടീസ് ചെയ്ത കാലയളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം ലഭിച്ചവരുടെ പെൻഷൻ നിർണ്ണയിക്കുന്നതിനുള്ള സർവ്വീസ് കാലയളവിനോടൊപ്പം ബാർ പ്രാക്ടീസ് ചെയ്ത കാലയളവ് കൂട്ടുന്നത് നിർത്തലാക്കിയത് എന്നുമുതലാണെന്ന് വ്യക്തമാക്കുമോ; | (എ) | ധനകാര്യ വകുപ്പിന്റെ 15.07.2019 -ലെ സ.ഉ.(അച്ചടി)നം.85/2019/ധന നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 09.12.2019ലെ സ.ഉ.(കൈ)നം.108/2019/നിയമം നമ്പർ ഉത്തരവ് പ്രകാരം. |
| (ബി) | പ്രസ്തുത ആനുകൂല്യം നിർത്തലാക്കിയത് പുന:സ്ഥാപിക്കണമെന്നുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ച് വരുന്നു. |
| (സി) | അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രസ്തുത വിധിക്കെതിരെ അപ്പീലിനുള്ള നിയമസാധുത ഇല്ലായെന്ന് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്താൽ വിജയസാധ്യതകളില്ലെന്ന് അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിച്ചിട്ടുണ്ട്. |
| (ഡി) | നിലവിൽ ഈ ആനുകൂല്യം നിയമ വകുപ്പിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർക്ക് നൽകുന്നുണ്ട്; ഇനി എത്രപേർക്ക് ലഭിക്കാനുണ്ട് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ? | (ഡി) | 31.05.2017-ന് മുൻപ് വിരമിച്ച രണ്ടുപേരൊഴികെ അർഹരായവർക്ക് ടി ആനുകൂല്യം നൽകുന്നുണ്ട്. 31.05.2017-ന് ശേഷം വിരമിച്ച 27 പേർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ